യുള്ള റോഡുകൾ മുഴുവനും കുഴി നികത്താൻ ടെന്റർ വിളിച്ചിരിക്കുകയാണ്. നമ്മൾ ചെയ്തിരിക്കുന്ന മുഴുവൻ ജോലികളുടെ ലിസ്റ്റും ഇവിടെയുണ്ട്. ഞാൻ ഈ പറയുന്നത് വസ്തുതകൾ അല്ലെങ്കിൽ ശ്രീമതി ഗൗരിയമ്മയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇതിന്റെ മുഴുവൻ നോട്ടും ഞാൻ തരാം. അതുകൊണ്ട് ഈ മൺഡലത്തോട് അവഗണനയല്ല, പ്രത്യേക പരിഗണന ആണ് കാണിക്കുന്നത് എന്നത് പകൽപോലെ ഇവിടെ വ്യക്തമാണ്.

(5) കെ.എഫ്.സി. യിലെ പ്രവർത്തന പോരായ്മകൾ

<u>ശ്രീ. എ. കണാരൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ധനകാര്യസ്ഥാപനമായ കെ.എഫ്.സി. യുടെ പ്രവർത്തനം ജനങ്ങളിൽ അവമതിപ്പ് ഉണ്ടാക്കാവുന്ന ഒരു അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. പരിതാപകരമായ ഒരു അവസ്ഥയാണ് എന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ കാര്യത്തിൽ ഉടൻ ഇടപെടണം. കെ.എഫ്.സി. യുടെ പ്രവർത്തനം അടിമുടി മാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കണം. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടി ഇടത്തരം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനാണ് കെ.എഫ്.സി. നിലവിൽ വന്നത്. കെ.എഫ്.സി. യുടെ ഇപ്പോഴത്തെ പ്രവർത്തനം ആ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് കടകവിരുദ്ധമായാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കണം. കെ.എഫ്.സി. എന്ന സ്ഥാപനം ഇവിടെ നിലവിൽ വന്നത് സ്വന്തം നിലയിൽ വ്യവസായം ആരംഭിക്കാൻ വിഷമതയനുഭവിക്കുന്നവർക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുക, സാമ്പത്തിക പരാധീനതയാൽ പ്രവർത്തനം നിലച്ച, തൊഴിൽ മന്ദീഭവിച്ച വ്യവസായികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായധനം നൽകുക, സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക്, വളർച്ചയ്ക്ക് അനുയോജ്യമായ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുക എന്നീ ഉദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയും 1951-ലെ കേന്ദ്ര നിയമനുസരിച്ചുമാണ് കെ.എഫ്.സി. കേരളത്തിൽ സ്ഥാപിച്ചത്. നമ്മുടെ പ്രകൃതിദത്തമായ വിഭവശേഷി, മെച്ചപ്പെട്ട ഗതാഗത സൗകര്യം, ആവശ്യമായ വൈദ്യുതി, വ്യവസായത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ, വിദ്യാഭ്യാസ സമൃദ്ധമായ മനുഷ്യ വിഭവശേഷി ഇവയില്ലെല്ലാമടങ്ങിയ കേരളം വ്യവസായ രംഗത്ത് പിന്നിൽ കിടക്കുകയാണ് എന്നത് ദു:ഖകരമായ ഒരവസ്ഥയാണ്. തൊട്ടടുത്ത സംസ്ഥാനമായ കർണാടക, മദ്രാസ്, മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങൾ നമ്മളെക്കാളും മുന്നിലാണ്. തമിഴ്നാട് 10000 കോടി രൂപയാണ് വ്യവസായങ്ങൾക്ക് കടം നൽകിയത്. അതേ അവസരത്തിൽ നമ്മുടെ കേരളം 1400 കോടി രൂപയാണ് കടം നൽകിയത്. ഇതിൽതന്നെ വേറൊരു പ്രത്യേകത കാണുന്നത്, ഈ 1400 കോടിയിൽ തന്നെ 70 ശതമാനം വ്യവസായികേതര കടമായിട്ടാണ് നൽകിയത്. കെ.എഫ്.സി. യുടെ കണക്കുപ്രകാരം 1998 ജനുവരിയിൽ 31.26 ശതമാനം വ്യവസായത്തിനും ബാക്കി 67.74 ശതമാനം വാഹനം, ഹോട്ടൽ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കാണ് നൽകിയിട്ടുള്ളത്. ഇത് കുറ്റകരമായ അനാസ്ഥയാണ്. വിദേശത്തു പോയി അദ്ധ്വാനിച്ച് കാശുണ്ടാക്കി കുടുംബം പുലർത്താൻ വേണ്ടി നാട്ടിൽവന്ന് കുടുംബസമേതം ജീവിക്കാം എന്ന ഉദ്ദേശത്തോടുകൂടി ഇവിടെ വ്യവസായം തുടങ്ങുന്നതിനു വേണ്ടി ആവശ്യപ്പെട്ടു കഴിഞ്ഞാൽ അവരോട് നീതിപൂർവമായിട്ടല്ല പെരുമാറി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താം. ഈടിനെ അടിസ്ഥാനപ്പെടുത്തിയാണ് കടം നൽകിക്കൊണ്ടിരിക്കുന്നത്. സ്വത്തിനെ അടിസ്ഥാനപ്പെടുത്തി കടം നൽകണം. പശ്ചാത്തല സൗകര്യമുണ്ടോ എന്നു നോക്കുന്നില്ല, വ്യവസായം നടത്താൻ ആവശ്യമായ യാതൊരു പരിശോധനാ സംവിധാനവുമില്ല. കടത്തിന്റെ പലിശ മൂന്നു മാസം കൂടുമ്പോൾ മുതലിൽ ചേർക്കുന്നു. എന്നിട്ട് വീണ്ടും പലിശ ഈടാക്കുന്നു. ഇതിനു പുറമെ പിഴപ്പലിശയും വസൂലാക്കുന്നു. വ്യവസായം തുടങ്ങുന്നവരെ കൂത്തുപാള എടുപ്പിക്കുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. ഒന്നുരണ്ട് ഉദാഹരണം മാത്രം ഞാൻ പറയാം. നാരായണക്കുറുപ്പ് എന്നുപറയുന്ന കോട്ടയത്തുള്ള ഒരു എഞ്ചിനീയർ, അദ്ദേഹം 1974-76-ൽ പല തവണകളായി മൂന്നു ലക്ഷത്തി നാൽപ്പത്താറായിരം രൂപ കടം വാങ്ങി. ഞെട്ടിപ്പിക്കുന്ന വിവരമാണിത്. പലിശ അഞ്ചര ശതമാനമാണ്. അദ്ദേഹം ഒരു ലക്ഷത്തി നാൽപ്പത്താറായിരം രൂപ പല തവണകളായി അടച്ചു. ഇപ്പോൾ 1.12.1999-ന് അയാൾക്ക് കെ.എഫ്.സി. അയച്ച നോട്ടീസിൽ പറയുന്നത് എൺപത്തിയേഴു ലക്ഷം രൂപ അടയ്ക്കാനുണ്ട് എന്നാണ്. എങ്ങനെയുണ്ട്? വേറൊരു കാര്യം, പത്മാ ടൂറിസം എന്ന വടകരയിലെ സ്ഥാപനത്തിന് 4-3-1980 മുതൽ 26.11.1984 വരെ ഏഴു ലക്ഷത്തി ഇരുപത്തിയേഴായിരത്തി എണ്ണൂറ്റി പതിനെട്ട് രൂപ കടം നൽകി. 26.3.1996 മുതൽ 30.3.1998 വരെ ഏഴു ലക്ഷത്തി എൺപത്തേഴായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ അടച്ചു. 9.8.1998-ൽ കെ.എഫ്.സി. പറയുകയാണ് എഴു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നൂറ്റി നാൽപത്തേഴു രൂപ അടയ്ക്കാനുണ്ടെന്ന്. അങ്ങയുടെ സഹപ്രവർത്തകനായിരുന്ന പി.കെ.നമ്പ്യാർ, അദ്ദേഹം 15.1.1994-ൽ മൂന്നു ലക്ഷത്തി എൺപതിനായിരം രൂപ കടമെടുത്തു. 24.12.1998-ൽ 4 കൊല്ലം കൊണ്ട് അദ്ദേഹം ഏഴു ലക്ഷത്തി ഏഴായിരത്തി എഴുപത്തഞ്ചു രൂപ അടച്ചു നിർത്തി രക്ഷപ്പെട്ടു. മൂന്നു കൊല്ലം കൊണ്ട് മൂന്നു ലക്ഷത്തി ഇരുപത്തേഴായിരം രൂപ പലിശയാണ്. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തണം. ഇതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം. ഇങ്ങനെയുള്ള അനവധി സംഭവങ്ങളുണ്ട്. പലതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് ആശ്വാസ നടപടികൾ എടുത്തിട്ടുണ്ട്. അതുമാത്രം പോരാ. സമഗ്രമായ പഠനം നടത്തി കേരളത്തിലെ വ്യവസായ വികസനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കെ.എഫ്.സി. വ്യവസായത്തിന്റെ അന്ധകനായി തീരരുത്. കുടിശ്ശിക ഈടാക്കി കഴിഞ്ഞാൽ അടച്ചുപൂട്ടി ജപ്തി നടപടി നോക്കുന്നതല്ലാതെ മറ്റൊന്നും നോക്കുന്നില്ല. രാജ്യത്തിന്റെ പുരോഗതിയെക്കുറിച്ച് ആലോചിക്കുന്നില്ല. ചികിത്സിച്ച് രോഗം ഭേദമാക്കുന്നതിനു പകരം രോഗിയെക്കൊന്ന് രോഗം ഇല്ലാതാക്കുന്ന സമീപനമാണ് കെ.എഫ്.സി. എടുത്തുകൊണ്ടിരിക്കുന്നത് ഇതിനു പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കാസർകോട്ടു നിന്നും പുറപ്പെട്ട ജാഥ ഇപ്പോൾ സെക്രട്ടറിയേറ്റ് മാർച്ച് നടത്തുകയാണ്. ഇതിനെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തി ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ഏറ്റവും വേഗം നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1951-ലെ പാർലമെന്റ് ആക്ടനുസരിച്ച് രൂപവൽക്കരിച്ചതാണ് ഫിനാൻഷ്യൽ കോർപ്പറേഷൻ. അത് എല്ലാ സ്റ്റേറ്റിലുമുണ്ട്. ഇവിടെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. തമിഴ്നാട്ടിൽ തമിഴ്നാട് ഫിനാൻഷ്യൽ കോർപ്പറേഷൻ. അങ്ങനെ എല്ലാ ദിക്കിലുമുണ്ട്. പാർലമെന്റ് ആക്ടിന്റെ ഉൽപ്പന്നമാണത്. കേരള സംസ്ഥാനത്തെ ത്വരിതമായ വ്യവസായ പുരോഗതിയെ ലക്ഷ്യമാക്കി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ടനുസരിച്ച് രൂപവൽക്കൃതമായി.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പുതിയ വ്യവസായ ഘടകങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ആവശ്യമായ ദീർഘകാല വായ്പ നൽകുക എന്നതായിരുന്നു കോർപ്പറേഷന്റെ മുഖ്യലക്ഷ്യം. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കു വേണ്ട സഹായമായിരുന്നു കോർപ്പറേഷൻ നൽകിയിരുന്നത്. എന്നാൽ കോർപ്പറേഷന്റെ തീരുമാനം കാലാകാലങ്ങളിൽ പരിശോധിക്കുകയും അതിൻപ്രകാരം വിവിധമേഖലകളിലേക്ക് പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയുകയും ചെയ്തു. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് ധനസഹായം നൽകുന്നതോടൊപ്പം ടൂറിസ്റ്റ് ഹോമുകൾ, ആശുപത്രികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കല്യാണമണ്ഡപങ്ങൾ, റസ്റ്റാറന്റുകൾ, വാഹനങ്ങൾ എന്നിവയ്ക്ക് വായ്പ നൽകുന്നുണ്ട്. ഇടത്തരം വ്യവസായങ്ങൾക്കു വേണ്ട ദീർഘകാല വായ്പയോടൊപ്പം ആവശ്യമായ പ്രവർത്തന മൂലധനവും കോർപ്പറേഷൻ നൽകുന്നുണ്ട്. കൂടാതെ ലീസിംഗ്, ഹയർ പർച്ചേഴ്സ് ഡിസ്കൗണ്ടിംഗ്, ഹ്രസ്വകാലവായ്പ തുടങ്ങിയ സ്കീമുകൾ നിലവിലുണ്ട്. ദീർഘകാലവായ്പയോടൊപ്പം വിമുക്തഭടന്മാർക്കുള്ള സോഫ്റ്റ് ലോണും, റെഗിയ മൂലധന നിധിയിൽ നിന്നുള്ള വായ്പകളും ഒരു ശതമാനം സർവീസ് ചാർജ്ജ് ചുമത്തി വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നുണ്ട്. കോർപ്പറേഷൻ 31.3.1999 വരെ 1764 കോടി രൂപ 33,987 വ്യവസായ ഘടകങ്ങൾക്ക് അനുവദിച്ചുകഴിഞ്ഞു. 75 ലക്ഷം രൂപ വരെയുള്ള വായ്പാ അപേക്ഷകൾ സ്വീകരിക്കുന്നതും പരിശോധിക്കുന്നതും ജില്ലാ ഓഫീസുകളാണ്. എൻജിനീയർമാർ, ലീഗൽ ഓഫീസർമാർ, സാമ്പത്തിക വിഷയം കൈകാര്യം ചെയ്യുന്നവർ എന്നിവരടങ്ങിയ സമിതികളാണ് അപേക്ഷകൾ പരിശോധിക്കുന്നത്. തന്നിരിക്കുന്ന വ്യവസായ ഘടകം അതിന്റെ മാനേജ്മെന്റിന്റെ സാങ്കേതിക സ്ഥിതി, വൈദ്യുതി, വെള്ളം എന്നിവയുടെ ലഭ്യത നിയമപരമായ കാര്യങ്ങൾ, വിപണന സാധ്യത, സാമ്പത്തിക നില എന്നിവ പരിശോധിച്ച് തൃപ്തിയാകുന്ന വ്യവസായ ഘടകങ്ങൾക്കു മാത്രമേ വായ്പ അനുവദിക്കാറുള്ളൂ. 20 ലക്ഷം രൂപവരെയുള്ള അപേക്ഷകളിന്മേൽ ജില്ലാ മാനേജർ അദ്ധ്യക്ഷനായ കമ്മിറ്റിയും 50 ലക്ഷം രൂപവരെയുള്ള അപേക്ഷകളിന്മേൽ റീജിയണൽ മാനേജർ അദ്ധ്യക്ഷനായ കമ്മിറ്റിയുമാണ് തീരുമാനമെടുക്കുന്നത്. 50 ലക്ഷം രൂപവരെയുള്ള അപേക്ഷകൾ ജില്ലാ മാനേജരുടെ ശുപാർശയോടുകൂടി കേന്ദ്ര ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കുന്നു. 75 ലക്ഷം രൂപയ്ക്കു മുകളിലുള്ള അപേക്ഷകൾ റീജിയണൽ മാനേജർ സ്വീകരിച്ച് പരിശോധിച്ച് ശുപാർശയോടുകൂടി കേന്ദ്ര ഓഫീസിലേക്ക് അയയ്ക്കുന്നു. ഏതു തുകയ്ക്കുള്ള വായ്പയും അനുവദിച്ചുകഴിഞ്ഞാൽ അപേക്ഷകരുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് ജില്ലാ ഓഫീസുകളെ അധികാരപ്പെടുത്തുന്നു. വായ്പകൾ തിരിച്ചടയ്ക്കുന്നതിന് 8 മുതൽ 10 വർഷം വരെ കാലാവധി നൽകാറുണ്ട്. കൂടാതെ മുതൽ തിരിച്ചടവു തുടങ്ങുന്നത് വായ്പയുടെ ആദ്യ ഗഡു കൊടുത്തതുമുതൽ രണ്ടുവർഷത്തിനു ശേഷമാണ്. ഈ കാലയളവുകൊണ്ട് വ്യവസായം നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയും. വായ്പതുക ഗഡുക്കളായിട്ടാണ് നൽകിവരുന്നത്. പദ്ധതിയുടെ ഓരോ ഘട്ടത്തിലും പൂർത്തിയാക്കിയ പണിയുടെ വില തിട്ടപ്പെടുത്തി അതിനനുസരിച്ച് തുക വിതരണം ചെയ്യുന്നു. കോർപ്പറേഷന്റെ ഏകജാലക പദ്ധതി പ്രകാരം ദീർഘകാല വായ്പയോടൊപ്പംതന്നെ പ്രവർത്തന മൂലധനവും അനുവദിക്കുന്നു. അതുകൊണ്ട് പദ്ധതി പ്രവർത്തനം സജ്ജമായാൽ ഉടൻതന്നെ പ്രവർത്തനം നടത്തുവാൻ സാധിക്കുന്നു. കോർപ്പറേഷനിൽ നിന്ന് പ്രവർത്തനമൂലധനം ദീർഘകാലവായ്പയായിട്ടാണ് കൊടുക്കുന്നത്. ക്യാഷ് ക്രെഡിറ്റ് തുടങ്ങിയ വായ്പകൾ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന് നിയമപരമായി അധികാരമില്ല. അതുകൊണ്ട് ഇപ്രകാരമുള്ള വായ്പകൾ ബാങ്കുകൾ മുഖേന ലഭ്യമാക്കുകയാണ്. കൂടാതെ വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി ഗ്രീൻ ചാനൽ കമ്മിറ്റി ജില്ലാകളക്ടർ ചെയർമാനായി പ്രവർത്തിക്കുന്നുണ്ട്. ഈ കമ്മിറ്റിയിൽ കോർപ്പറേഷന്റെ ജില്ലാ മാനേജർ അംഗമാണ്. വ്യവസായ സ്ഥാപനം കൂടി ശ്ലിക വരുത്തിയാൽ ഉടൻ നിയമനടപടികൾ കൈക്കൊള്ളാറില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞങ്ങ് എഴുതിവായിക്കാതെ തന്നെ പറയാൻ കഴിവുള്ളയാളാണ്.

<u>മി. സ്പീക്കർ</u> : ചുരുക്കമായി എഴുതി അവതരിപ്പിക്കുന്നതാണ് നല്ലത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഹാന്റ് ബുക്കനുസരിച്ച് എഴുതി വായിക്കാൻ പാടില്ല.

<u>മി. സ്പീക്കർ</u> : ചോദ്യങ്ങൾക്കുള്ള മറുപടി പോലെതന്നെയാണ് സബ്മിഷൻസിന്റെ മറുപടിയും. ഒന്നും വിടേണ്ട കാര്യമില്ല. ചെയർ വളരെ ക്ലിയറായി പറയുകയാണ്. ചോദ്യങ്ങൾക്കുള്ള മറുപടി പോലെതന്നെ എഴുതിയേ മറുപടി പറയാവൂ. സബ്മിഷൻ ആണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ചോദ്യത്തിന് ഉത്തരം എഴുതി വായിക്കും. അതുപോലെതന്നെ സബ്മിഷൻ എഴുതി വായിക്കാം. അല്ലാതെയും പറയും. എഴുതി വായിക്കാവുന്നതാണ്. കാരണം, രേഖയിൽ വരുന്നതാണ്. പ്രസംഗം എഴുതി വായിക്കാൻ പാടില്ലായെന്നേയുള്ളൂ.

<u>മി. സ്പീക്കർ</u> : മുൻകൂട്ടി നോട്ടീസ് കൊടുക്കുന്നതാണ്. ഇവിടെ പറയുന്നതിനല്ല മറുപടി. നോട്ടീസിനാണ് മറുപടി. നോട്ടീസിൽ ഇല്ലാത്ത പല കാര്യങ്ങളും പറയാനുണ്ട്. അതിന് മറുപടി പറയുന്നത് ശരിയായ പ്രാക്ടീസല്ല. അതൊക്കെ ഒഴിവാക്കണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ലോൺ തിരിച്ചടയ്ക്കുന്നതിനു മുൻപ് ഐ.ഡി.ബി.ഐ., എസ്.ഡി.ബി.ഐ., എസ്.ഐ.സി.ബി.ഐ. ഇവരുടെ ഫണ്ടാണ് റീ-ഫിനാൻസിംഗ് ചെയ്യുന്നത്. അവരുടെ നാല് ഡയറക്ടർമാരുണ്ട്. എൽ.ഐ.സി. ക്ക് ഇതിലും എസ്.ബി.റ്റി. യിലും ഡയറക്ടർമാരുണ്ട്. കേന്ദ്ര നിയമമനുസരിച്ച് പ്രവർത്തിക്കുന്നതാണ്. ഇതിൽ എം.ഡി.യെ അപ്പോയിന്റ് ചെയ്യാൻ ഗവണ്മെന്റിന് അധികാരമുണ്ടെങ്കിലും ഐ.ഡി.ബി.ഐ. അപ്രൂവ് ചെയ്താലേ അയാളെ നിയമിക്കാൻ പാടുള്ളൂ. ഇതിനെ സംബന്ധിച്ച് പറയുമ്പോൾ നയപരമായ തീരുമാനമെടുക്കേണ്ടത് അപ്പോയിന്റ്മെന്റ് ബോർഡാണ്. ഏതായാലും ഈ കാര്യത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ കുറച്ച് ആക്ഷേപങ്ങൾ ഉന്നയിച്ചു. ഈ ആക്ഷേപങ്ങൾ എഴുതിത്തന്നാൽ സമഗ്രമായി ആ ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്താൻ എം.ഡി.യോട് നിർദ്ദേശിക്കാം. എം.ഡി.യോട് നിർദ്ദേശിച്ച് പ്രഥമദൃഷ്ട്യാ കേസുണ്ടെങ്കിൽ ശക്തമായ നടപടി ഗവണ്മെന്റിന് സ്വീകരിക്കാം. യാതൊരു സംശയവും വേണ്ട. പക്ഷെ സ്പെസിഫിക് കംപ്ലയിന്റ് കിട്ടാതെ കെ.എഫ്.സി. ആകെ കുളത്തിലിറങ്ങാൻ പോവുകയാണ് എന്നു പറയുന്നത് ശരിയല്ല. കെ.എഫ്.സി. ലാഭത്തിലാണ്. നാലു ഫിനാൻസ് കോർപ്പറേഷനുകൾക്കാണ് ഇൻഡ്യയിൽ 'എ' ഗ്രേഡ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളത്. അതിൽ ഒന്നാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ വാസ്തവങ്ങൾ ഉണ്ടാകും. അത് എഴുതിത്തന്നാൽ അതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താം. അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപ

LIBRARY ARCHIVES Kerala Legislative Assembly

ടിയെടുക്കാം. പക്ഷെ എലിയെ കൊല്ലാൻ ഇല്ലം ചുടരുത്. പിഴപലിശ നിയമമാണ്. വൺ ടൈം സെറ്റിൽമെന്റ് എന്നുപറഞ്ഞാൽ പിഴപലിശ ഒഴിവാക്കിക്കൊടുക്കും. ഇത് നിയമമാണ്. പലിശ അടച്ചില്ലായെങ്കിൽ പിഴപലിശ. ഇതൊക്കെ ആക്ടിൽ ഉള്ളതാണ്. പക്ഷെ 'the Government should not interfere into the day-to-day functioning of the Financial Corporation' ഫിനാൻസ് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അഴിമതി നടന്നാൽ ഇടപെടാം. അവിടെ മിസ്മാനേജ്മെന്റ് നടന്നാൽ ഇടപെടാം. അത് എഴുതിത്തന്നാൽ എം.ഡി.ക്ക് ഡയറക്ഷൻ കൊടുക്കാം. പ്രഥമദൃഷ്ട്യാ കേസുണ്ടെങ്കിൽ നിശ്ചയമായും കൈകാര്യം ചെയ്യും.

(6) മത്സ്യവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കേരളത്തിലെ മത്സ്യ സംസ്കരണ വ്യവസായം ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഈ വ്യവസായത്തിലെ മൂന്നു ഘടകങ്ങൾ ഒരുമിച്ച, കയറ്റുമതിക്കാരും പീലിംഗ് ഷെഡ്ഡുകാരും ഐസ് പ്ലാന്റുകാരും 30-ാം തീയതി തൊട്ട് സമരം ചെയ്യുമെന്നു പ്രഖ്യാപിച്ചിരിക്കുകയാണ്. കയറ്റുമതിക്കാർക്ക് ഏറ്റവും വലിയ പ്രശ്നം ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡിലേയ്ക്ക് അടയ്ക്കാനുള്ള ഒരു ശതമാനം തുകയെപ്പറ്റിയാണ്. 18 കോടി രൂപ ഇപ്പോൾ കുടിശ്ശികയുണ്ട്. പല സ്ഥാപനങ്ങളും ഇന്ന് പൂട്ടിപ്പോയി. അവർ സ്ഥലത്തില്ല. ഈയിടെ കുടിശ്ശിക പിരിക്കാൻ ഒരു ശ്രമം നടന്നു. അതും ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഈ നിലയ്ക്കു പോയാൽ ഈ വ്യവസായം കേരളം വിട്ട് മറ്റു സംസ്ഥാനത്തേയ്ക്ക് പോകുന്ന നില എത്തും. പീലിംഗ് ഷെഡ്ഡുകൾ യൂറോപ്യൻ സ്റ്റാൻഡേർഡനുസരിച്ച് അപ്ഗ്രേഡ് ചെയ്യണമെങ്കിൽ ലക്ഷക്കണക്കിന് രൂപ മുടക്കണം. ഐസ് പ്ലാന്റുകാർക്കാണെങ്കിൽ വൈദ്യുതിയുടെ വിലവർദ്ധനവു വല്ലാതെ ബാധിച്ചിരിക്കുന്നു. ഇവിടെ നേരത്തെ കേട്ട കെ.എഫ്.സി. യുടെ പ്രശ്നവും ഇതിൽ വരുന്നുണ്ട്. കെ.എഫ്.സി. യുടെ പ്രവർത്തനം കൊണ്ട് പല ഐസ് പ്ലാന്റുകളും പൂട്ടേണ്ടി വന്നിരിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ഗവണ്മെന്റ് ഈ കാര്യത്തിൽ ഇടപെട്ട് മേൽപ്പറഞ്ഞ മൂന്നു കൂട്ടരേയും വിളിച്ച് സംസാരിച്ച് തീർത്തില്ലെങ്കിൽ ഇത് അടിസ്ഥാനപരമായി ബാധിക്കാൻ പോകുന്നത് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആണ്. ഇന്ന് മത്സ്യം കിട്ടിയാലും അതിന് വില കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇതിലിടപെട്ട് ഈ പ്രശ്നം പരിഹരിക്കണം. 30-ാം തീയതി പ്രഖ്യാപിച്ചിട്ടുള്ള സമരം ഒത്തു തീർക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, മത്സ്യ സംസ്കരണ വ്യവസായ രംഗത്ത് ഇപ്പോൾ പ്രതിസന്ധിയൊന്നുമില്ല. ഈ പറഞ്ഞ പ്രതിസന്ധി തീർക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ഫലപ്രദമായ ചില നടപടികൾ എടുത്തിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ മത്സ്യ സംസ്കരണശാലകൾക്ക് കർശനമായ ഗുണനിലവാരം ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചപ്പോഴും ഉദാരവൽക്കരണത്തിന്റെ ഭാഗമായി മുൻ കേന്ദ്ര സർക്കാർ ഓപ്പൺ ജനറൽ ലൈസൻസ് പട്ടികയിൽപ്പെടുത്തി ചെമ്മീനും കണവയും ഞണ്ടും ഇറക്കുമതി ചെയ്യാൻ അനുവാദം നൽകിയപ്പോഴും കേരളത്തിലെ മത്സ്യ സംസ്കരണവ്യവസായത്തിൽ പ്രതിസന്ധി കടന്നുകൂടി. ആഴക്കടൽ മത്സ്യബന്ധന കപ്പലുകൾക്ക് വിദേശികൾക്കടക്കം,

LIBRARY ARCHIVES Kerala Legislative Assembly